(ബി) കൂടുതൽ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പരമാവധി വിലക്കുറവിൽ ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ശൃംഖല വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. MRP-യിൽനിന്നും 40% വരെ വിലക്കുറവിലാണ് മരുന്നുകൾക്ക് സപ്ലൈകോ വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. ഇൻസുലിൻ 18% വില കുറച്ചാണ് വിൽക്കുന്നത്. കൂടാതെ BPL കുടുംബങ്ങൾക്ക് പ്രതിമാസം 1,000 രൂപ വരെയുള്ള മരുന്നുകൾക്ക് 25% വിലക്കിഴിവുകൂടി നൽകി വരുന്നു. സമരംമൂലവും മറ്റും സ്വകാര്യ മരുന്നുകടകൾ അടഞ്ഞുകിടക്കുന്ന അവസരങ്ങളിൽ പോലും പൊതുജനങ്ങൾക്ക് സപ്ലൈകോയുടെ സേവനങ്ങൾ ലഭ്യമായിരിക്കും. സാമൂഹ്യപ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സേവനം ലഭ്യമാക്കുകയും ചെയ്യുവരുന്നു. കൂടാതെ വിവിധ സർക്കാർ ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, പ്രൈമറി ഹെൽത്ത് സെൻറർ എന്നിവയിലൂടെ നടപ്പാക്കുന്ന RSBY/JSSK (Rastriya Swastha Bhima Yojana/Janani Sisu Suraksha Karayakram) തുടങ്ങിയ പദ്ധതികൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും പരമാവധി വിലക്കുറവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.

(സി) സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ സ്റ്റോറുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തി സാധ്യതാ പഠനറിപ്പോർട്ട് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ റീജിയണൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19 പുതിയ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2 പുതിയ മെഡിക്കൽ സ്റ്റോറുകൾ കൂടി ഉടൻതന്നെ പ്രവർത്തിക്കുന്നതിന് സജ്ജമായി വരികയാണ്.

ആധാരം രജിസ്ട്രേഷൻ

4 (*245) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ബാങ്ക് അക്കൗണ്ട് മുഖേന ടഷറിയിലടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയതും, മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്യാതെ ഭൂമിയുടെ ന്യായവില അമ്പതു ശതമാനം വർദ്ധിപ്പിച്ചതും രജിസ്ട്രേഷൻ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ബാങ്ക് അക്കൗണ്ട് മുഖേന ട്രഷറിയിൽ അടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) തീറാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 5%, 6%, 7% എന്നിങ്ങനെ ആയിരുന്നത് 2014-ലെ കേരള ധനകാര്യ ആക്ട് പ്രകാരം 6% ആയി ഏകീകരിക്കുകയാണുണ്ടായത്. സ്റ്റാമ്പ് ഡ്യൂട്ടി ഏകീകരിച്ചതും 14-11-2014-ലെ ജി.ഒ. (പി) 188/14/നി.വ. നമ്പർ ഉത്തരവ് പ്രകാരം ഭൂമിയുടെ ന്യായവിലയിൽ 50% വർദ്ധനവ് വരുത്തിയതും, റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതി

5 (*246) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽ മരാമത്ത് വകുപ്പിന്റെ 21 വൻകിട പദ്ധതികൾ ഏതവസ്ഥയിലാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ ആകെ ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; അതിന് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി രേഖ തയ്യാറാക്കുന്നതിന് എത്ര രൂപ ചെലവഴിച്ചുവെന്നറിയിക്കാമോ;

(ഡി) പെട്രോൾ-ഡീസൽ നികുതിയിൽനിന്ന് പദ്ധതിക്കായി പ്രഖ്യാപിച്ചിരുന്ന വിഹിതം എത്രയെന്നും അത് ലഭിക്കുകയുണ്ടായോയെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly